# കുടുംബം കലക്കുന്ന മാതാപിതാക്കൾ



ഡോ. ജസ്റ്റിൻ തോമസ്



**ആ** സ്ത്രീയും മകളും പുതിയതായി എത്തിയ മരുമോനെയും അവന്റെ മാതാപിതാക്കളെയും കൂട്ടി എന്റെ അടുത്തെത്തിയത് ആരെയൊക്കെയോ നന്നാക്കുന്നതിനുവേണ്ടിയാണ്. മകളുടെ പേര് മറിയം. കല്യാണം കഴിഞ്ഞതേയുള്ളൂ. ആദ്യരാത്രിയുടെ പേരു പറഞ്ഞു മരുമകൻ തന്റെ മകളോടു വളരെ മ്ലേച്ഛമായി പെരുമാറിയെന്നാണ് അമ്മയുടെ പരാതി. ഞാൻ ചോദിച്ചു: “ഇതൊക്കെ എങ്ങനെ നിങ്ങൾ അറിഞ്ഞു? അവൾ വന്നു പറഞ്ഞോ? അതോ, നിങ്ങൾ ചോദിച്ചറിഞ്ഞോ?'' “ഞാൻ ചോദിച്ചറിഞ്ഞു സാർ. എന്റെ മോൾ ഒരന്യപുരുഷന്റെകൂടെ കിടക്കുമ്പോൾ അവൾക്ക് എന്തു സംഭവിക്കുന്നുവെന്ന് ഞാൻ അറിയണ്ടേ സാർ?” അവരുടെ ഉത്തരം കേട്ടപ്പോൾ ഞാനൊരു കോമാളിയായി ചിത്രീകരിച്ചു. കാരണം, അല്പം ബുദ്ധിയും ഇത്തിരി വിവേകവുമുള്ള ഏതൊരാൾക്കും ഈ സ്ത്രീയോടു വെറുപ്പുതോന്നും.

സത്യത്തിൽ നന്നാവേണ്ടത് അവർതന്നെയാണ് എന്ന ബോധ്യം അവരിൽ ജനിപ്പിക്കാൻ കൗൺസലർ എന്ന നിലയിൽ ഞാൻ നന്നായി പണിയെടുക്കേണ്ടിവന്നു. ഭാഗ്യവശാൽ ഈ സ്ത്രീയുടെ ഭർത്താവിനു സാമാന്യവിവരവും തിരിച്ചറിവുമുണ്ടായിരുന്നു. മകൾക്ക് ഭാര്യ എന്ന നിലയിലേക്കുയരാൻ അമ്മ അവസരം നൽകുന്നില്ലായെന്ന സത്യവും ഇദ്ദേഹത്തിനു വ്യക്തമായിരുന്നു.

**മകളുടെ ഭർത്താവിനെതിരായി അമ്മ ഉന്നയിച്ച ആരോപണങ്ങൾ:**

1. മരുമോൻ മകളെ ഉപദ്രവിക്കുന്നു.
2. അവൻ അവളെക്കൊണ്ട് മ്ലേച്ഛമായ കാര്യങ്ങൾ ചെയ്യിക്കുന്നു.
3. മരുമോൻ കിടപ്പുമുറിയിൽ മോളോടു ചെയ്യുന്ന കാര്യങ്ങൾ മരുമോന്റെ മാതാപിതാക്കൾ അറിയുന്നില്ല.
4. മോൾ കെട്ടിച്ചുവിട്ട വീട്ടിൽ നിൽക്കാൻ ഇഷ്ടപ്പെടുന്നില്ല.

മേൽസൂചിപ്പിച്ച പ്രശ്നങ്ങളെ കീറിമുറിച്ചു പരിശോധിച്ചപ്പോൾ മനസ്സിലായത് ഇവയെല്ലാം അമ്മയുടെ സൃഷ്ടികളായിരുന്നുവെന്നാണ്. മകൾക്കു വ്യക്തിപരമായി യാതൊരു പരാതികളുമില്ല. അവൾക്കു തന്റെ ഭർത്താവിനെക്കുറിച്ചു നല്ലതുമാത്രമേ പറയാനുള്ളൂ. പിന്നെ എന്തുകൊണ്ട് അമ്മ ഇങ്ങനെയൊക്കെ പ്രതികരിക്കുന്നു? ഈ ചോദ്യത്തിന്റെ ഉത്തരം കണ്ടെത്തിയപ്പോൾ അമ്മയിലുള്ള ചില പ്രശ്നങ്ങൾ ചുരുളഴിഞ്ഞു.

1. ഈ സ്ത്രീ അവരുടെ ചെറുപ്പകാലത്ത് ലൈംഗികാതിക്രമത്തിനു വിധേയയായിരുന്നു. അതിൽനിന്നു പെരുമാറ്റവൈകൃതങ്ങൾ ഉടലെടുത്തു.
2. ഇവർക്ക് ഒരു പ്രത്യേകതരം വ്യക്തിത്വവൈകല്യം ഉണ്ടായിരുന്നു.
3. ആധിപത്യമനോഭാവം ഇവരിൽ നിഴലിച്ചിരുന്നു.
4. മകളോടുള്ള അമിതസ്നേഹവും ഉത്കണ്ഠയും.

തനിക്ക് ഈ നാലു പ്രശ്നങ്ങളും ഉണ്ടെന്ന ബോധ്യം അവർക്കില്ലായിരുന്നു. അതായിരുന്നു അവരുടെ ഏറ്റവും പ്രധാനപ്രശ്നവും. മേൽസൂചിപ്പിച്ച പ്രശ്നങ്ങളുടെ ഭാഗമായി തന്റെ മകൾ ലൈംഗികപീഡനത്തിനു വിധേയയാകാമെന്നും, തന്റെ മോളെ സംരക്ഷിക്കാൻ തനിക്കുമാത്രമേ സാധിക്കുകയുള്ളൂവെന്നും, താൻ പറയുന്ന കാര്യങ്ങൾ മാത്രമാണു ശരിയെന്നും, തന്റെ മോൾ തന്റെ കരവലയത്തിൽത്തന്നെ സംരക്ഷിക്കപ്പെടണമെന്നും അവർ വിശ്വസിച്ചു. ഇതിന്റെ ഭാഗമായി മകളുടെ വിവാഹജീവിതത്തിന്റെ എല്ലാ മേഖലയിലും അവർ അമിതമായി ഇടപെട്ട് ഇല്ലാത്ത പ്രശ്നങ്ങളുണ്ടാക്കി മോളെ വിവാഹമോചനത്തിന്റെ വക്കിലെത്തിച്ചു.

അമ്മയുടെ പ്രശ്നങ്ങളാണ് ഇപ്പോൾ ഈ കുടുംബങ്ങൾ അനുഭവിക്കുന്ന പ്രതിസന്ധിയുടെ അടിസ്ഥാനമെന്നു മനസ്സിലായതോടെ മുഖ്യമായും അവരുടെ പ്രശ്നത്തിനു പരിഹാരം കാണുക എന്നതായിരുന്നു കൗൺസലിങ് ലക്ഷ്യം. അതോടെ പ്രശ്നപരിഹാരം എളുപ്പമായി. കൂടെ ഒരു സൈക്യാട്രിസ്റ്റിന്റെ സേവനവും ആവശ്യമായിരുന്നു.

**പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കപ്പെട്ടു?**

മറിയത്തിന്റെ അമ്മ ഉണ്ടാക്കിയ പ്രശ്നം സങ്കീർണമാകാതിരുന്നത് മകളുടെ ഭർത്തൃവീട്ടുകാരുടെ വിവേകപൂർവകമായ ഇടപെടൽകൊണ്ടാണ്. മറിയത്തിന്റെ അമ്മ കൗൺസലിങ്ങിനു പോകണമെന്നു പറഞ്ഞപ്പോൾ അവർ അതു തന്മയത്വത്തോടെ അംഗീകരിച്ചു. മറിയത്തിന്റെ അമ്മ പ്രതീക്ഷിച്ചിരുന്നത് മകളുടെ ഭർത്താവിന്റെ വീട്ടുകാർ കൗൺസലിങ്ങിനു തയ്യാറാകില്ലെന്നും അത് അവർക്കെതിരേ പ്രയോഗിക്കാമെന്നുമായിരുന്നു. പക്ഷേ, അതു നടന്നില്ല എന്നുമാത്രമല്ല, യഥാർഥ ‘പ്രതി’ പിടിക്കപ്പെട്ട അവസ്ഥയുമായി! ഇതോടൊപ്പം മറ്റു കുടുംബാംഗങ്ങളുടെയും മറിയത്തിന്റെയും മനസ്സുകളിലുണ്ടായ മുറിവുണക്കുകകൂടി ചെയ്തപ്പോൾ എല്ലാം ശുഭപര്യവസായിയായി.

ഈയൊരു കൗൺസലിങ്ങിന്റെ വെളിച്ചത്തിൽ കണ്ടെത്തിയ ചില ആശയങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹൈസ്കൂൾതലംമുതൽ വൈവാഹിക, കുടുംബജീവിതത്തിലെ വെല്ലുവിളികളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക.
2. മതസ്ഥാപനങ്ങൾ, സാംസ്കാരികകേന്ദ്രങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വിവാഹം കഴിച്ചവരും കഴിക്കാൻ പോകുന്നവരുമായ യുവതീയുവാക്കളുടെ മാതാപിതാക്കൾക്കു ബോധവത്കരണം നൽകുക.

**വിവാഹിതരായവരുടെ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

a. മകൻ/മകൾ വിവാഹം കഴിച്ചു കഴിഞ്ഞാൽ അവരെ ഭർത്താവും ഭാര്യയുമായി ജീവിക്കാൻ അനുവദിക്കുക.
b. വിവാഹിതരുടെ സ്വകാര്യതയിൽ അത്യാവശ്യസന്ദർഭങ്ങളിലൊഴിച്ച് മാതാപിതാക്കൾ ഇടപെടരുത്.
c. മകൻ/മകൾ വിവാഹം കഴിച്ച് വീട്ടിൽനിന്നു മാറുമ്പോൾ ഉണ്ടാകാനിടയുള്ള ശൂന്യതയെ ക്രിയാത്മകമായി മറികടക്കാനുള്ള മാർഗങ്ങൾ കണ്ടെത്തുക.
d. ഭർത്താവിന്റെയും ഭാര്യയുടെയും മാതാപിതാക്കളെ ബഹുമാനിക്കാനും സ്നേഹിക്കാനും പഠിപ്പിക്കുക.
e. മദ്യപാനംപോലുള്ള അടിമത്തങ്ങളെ ചികിത്സിക്കാൻ ശ്രദ്ധിക്കുക. മാനസിക, ശാരീരികപ്രശ്നങ്ങൾ പങ്കാളിക്കുണ്ടായാൽ കാലതാമസം കൂടാതെ ചികിത്സിക്കുക.
f. പങ്കാളി മരണമടഞ്ഞാൽ ജീവിച്ചിരിക്കുന്ന പങ്കാളിയെ ശ്രദ്ധയോടെ പരിപാലിക്കുക.
g. വിവാഹം കഴിച്ചുവന്നിരിക്കുന്ന പെൺകുട്ടിയെ (ചില സാഹചര്യത്തിൽ ആൺകുട്ടിയെ) സ്വന്തമായി കാണുക.
h. പങ്കാളി അപമാനിക്കപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തുക.
i. പരസ്പരം നന്മകൾ കാണാൻ പങ്കാളികളെ പ്രോത്സാഹിപ്പിക്കുക.

മേൽസൂചിപ്പിച്ച കാര്യങ്ങൾ മാതാപിതാക്കൾ മക്കൾക്കുവേണ്ടി ചെയ്യുമ്പോൾ മാതാപിതാക്കളിൽത്തന്നെ മാറ്റം സംഭവിക്കുകയും അവർ റോൾമോഡലുകളായിത്തീരുകയും ചെയ്യും. ■